നം. KLS/4707/2025 - MAB1

തിരുവനന്തപുരം,
28.05.2025

# താൽപര്യപത്രം

കേരള നിയമസഭാ സെക്രട്ടേറിയറ്റിന്റെ ഭാഗമായ നിയമസഭാ ഹോസ്റ്റലിൽ വെജ് & നോൺ വെജ് കാന്റീൻ നടത്തുന്നതിനായി കാന്റീനുകൾ നടത്തി പരിചയമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും താൽപര്യപത്രം നിശ്ചിത ഫോറത്തിൽ ക്ഷണിച്ചുകൊള്ളുന്നു. കാന്റീൻ നടത്തുന്നതിനുള്ള അവകാശം ആയത് അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷക്കാലത്തേക്ക് ആയിരിക്കും.

താൽപര്യപത്രത്തിനുള്ള അപേക്ഷാ ഫോറവും നിബന്ധനകളും നിയമസഭാ ഹോസ്റ്റൽ എസ്റ്റേറ്റ് ഓഫീസറിൽ നിന്നും ലഭിക്കുന്നതാണ്.

നിശ്ചിത ഫോറത്തിലുള്ള താൽപര്യപത്രം പൂരിപ്പിച്ച് അപേക്ഷകന്റെ ഇലക്ഷൻ/ ആധാർ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പിനൊപ്പം 2025 ജൂൺ 10 -ാം തീയതി വൈകുന്നേരം 5.00 മണിക്കു മുമ്പായി മുദ്ര വച്ച കവറിൽ എസ്റ്റേറ്റ് ഓഫീസർ, നിയമസഭാ ഹോസ്റ്റൽ, നിയമസഭാ സെക്രട്ടേറിയറ്റ്, പാളയം, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ ഈ മേഖലയിലെ പരിചയം സംബന്ധിച്ച സാക്ഷ്യപത്രം സഹിതം ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത തീയതിക്കു ശേഷം ലഭിക്കുന്ന താൽപര്യപത്രങ്ങൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. 2025 ജൂൺ 11-ാം തീയതി രാവിലെ 11.00 മണിക്ക് താൽപര്യപത്രങ്ങൾ തുറന്ന് പരിശോധിക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. കാരണം കൂടാതെ താൽപര്യപത്രങ്ങൾ മാറ്റി വയ്ക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം നിയമസഭാ സെക്രട്ടേറിയറ്റിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്.

(ഒപ്പ്/-)
എസ്റ്റേറ്റ് ഓഫീസർ,
നിയമസഭാ ഹോസ്റ്റൽ,
നിയമസഭാ സെക്രട്ടേറിയറ്റ്.
(ഫോൺ: 0471-2512206)

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## നിയമസഭാ ഹോസ്റ്റൽ

### തിരുവനന്തപുരം

<u>നിയമസഭാ ഹോസ്റ്റലിലെ വെജിറ്റേറിയൻ & നോൺ വെജിറ്റേറിയൻ കാന്റീൻ നടത്തിപ്പിന് താൽപര്യപത്രം സമർപ്പിക്കുന്നതിനുള്ള അപേക്ഷാ ഫോറം</u>

1 താൽപര്യപത്രം സമർപ്പിക്കുന്ന ആളിന്റെ പേര് -

2 സ്ഥിരമായ മേൽവിലാസം -

3 പ്രാദേശിക മേൽവിലാസം -

4 ടെലിഫോൺ നമ്പർ (മൊബൈൽ & ലാൻഡ്) -

5 കാന്റീൻ നടത്തിപ്പിൽ മുൻ പരിചയമുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരങ്ങൾ -

അനുബന്ധം 'ബി' യിൽ പറഞ്ഞിരിക്കുന്ന ഭക്ഷണവിഭവങ്ങൾ വിതരണം ചെയ്യുന്നതിന് (നിരക്കുകൾ സമർപ്പിക്കുക ) നിയമസഭാ ഹോസ്റ്റൽ കാന്റീൻ നടത്തിപ്പ് സംബന്ധിച്ച് അനുബന്ധം 'എ' ൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്ന് ഞാൻ ഇതിനാൽ സമ്മതിക്കുന്നു.

സ്ഥലം താൽപര്യപത്രം സമർപ്പിക്കുന്ന ആളിന്റെ പേരും ഒപ്പും

തീയതി

കുറിപ്പ് - അപേക്ഷാഫോറവും താൽപര്യപത്രവും ഉൾക്കൊള്ളുന്ന മുദ്രവച്ച കവറിന്റെ പുറത്ത് 'നിയമസഭ ഹോസ്റ്റൽ വെജ് & നോൺ വെജിറ്റേറിയൻ കാന്റീൻ കരാറിനായുള്ള താൽപര്യപത്രം ' എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

## അനുബന്ധം - എ

## നിയമസഭാ ഹോസ്റ്റൽ കാന്റീൻ നടത്തുന്നതിനുള്ള നിബന്ധനകൾ

1. താൽപര്യപത്രം അംഗീകരിക്കപ്പെടുന്ന പക്ഷം, സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ് നിശ്ചയിക്കുന്ന ദിവസം മുതൽ ഒരു വർഷ കാലത്തേയ്ക്ക് ആണ് കരാർ കാലാവധി.
2. അനുബന്ധം 'ബി" യിൽ ചേർത്തിരിക്കുന്ന ഭക്ഷണ വിഭവങ്ങൾ കാന്റീനിൽ വിതരണം ചെയ്യേണ്ടതും ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരവും ശുചിത്വവും കർശനമായി പാലിക്കേണ്ടതുമാണ്.
3. അടുക്കളയും ഇരിപ്പിട സൗകര്യങ്ങളോടെ സജ്ജീകരിച്ച ഭക്ഷണശാലയും, അടങ്ങുന്ന വെജ് & നോൺ വെജിറ്റേറിയൻ കാന്റീനിന്റെ പ്രതിമാസ വാടക 1000 രൂപ (ആയിരം രൂപ മാത്രം) ആയിരിക്കുന്നതാണ്.
4. ഓരോ മാസത്തേയും വാടക തുക മുൻകൂറായി എം.എ.'എഫ്' വിഭാഗത്തിൽ ഒടുക്കി രസീത് എം.എ. 'ബി' വിഭാഗത്തെ ഏൽപ്പിക്കേണ്ടതാണ്.
5. കാന്റീനിലെ വിലപിടിപ്പുള്ള സാധനങ്ങളായ ഫർണിച്ചർ, ഇലക്ട്രിക്കൽ ഫാൻ, ലൈറ്റ് മുതലായവയ്ക്ക് ഉണ്ടായേക്കാവുന്ന നാശനഷ്ടങ്ങൾ, കറന്റ് ചാർജ്, വെള്ളക്കരം എന്നിവ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുക തുടങ്ങിയവയ്ക്ക് കരുതൽ നിക്ഷേപമായി (Security deposit) കരാറുകാരൻ 75,000/- രൂപ (എഴുപത്തയ്യായിരം രൂപ മാത്രം) ഒടുക്കേണ്ടതാണ്. (അപ്രകാരം കുടിശ്ശിക ഈടാക്കുന്നതു മൂലം കരുതൽ നിക്ഷേപത്തിൽ ഉണ്ടാകുന്ന കുറവ് കരാറുകാരൻ നികത്തേണ്ടതുമാണ്)
6. കാന്റീനുവേണ്ടി പ്രത്യേകം സ്ഥാപിച്ചിരിക്കുന്ന മീറ്ററുകളിൽ രേഖപ്പെടുത്തുന്നതനുസരിച്ചുള്ള വൈദ്യുത ചാർജ് ഈ സെക്രട്ടേറിയറ്റിലും വെള്ളക്കരം കേരള വാട്ടർ അതോറിറ്റിയിലും ബന്ധപ്പെട്ട ബില്ലുകളിൽ പരാമർശിച്ചിട്ടുള്ള തീയതികളിലോ അതിനു മുമ്പോ രണ്ടാം കക്ഷി അടയ്ക്കേണ്ടതാണ്.
7. ക്യാന്റീന് നൽകിയിട്ടുള്ള ഫാൻ, വൈദ്യുത ഉപകരണങ്ങൾ, സാനിട്ടറി ഫിറ്റിംഗുകൾ, ശുചീകരണ ഉപകരണങ്ങൾ, കസേര, മേശ തുടങ്ങിയ ഉപകരണങ്ങൾ എന്നിവ രണ്ടാം കക്ഷി കേടുപാട് കൂടാതെ സൂക്ഷിക്കേണ്ടതും കേടുപാടുകൾ സംഭവിച്ചാൽ കരാറുകാരൻ സ്വന്തം ചെലവിൽ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം അറ്റകുറ്റപ്പണികൾക്കാവശ്യമായ ചെലവ് കരാറുകാരന്റെ കരുതൽ തുകയിൽ നിന്നും ഈടാക്കുന്നതാണ്.
8. വൃത്തിയുള്ളതും രുചികരവുമായ വ്യത്യസ്ത ഇനം ഭക്ഷണ സാധനങ്ങൾ കഴിവതും നാടൻ വിഭവങ്ങൾ ഓരോ ദിവസവും കാന്റീനിൽ

വിൽക്കേണ്ടതാണ്. പാചകക്കാർ പാചകത്തിൽ കഴിവുള്ളവരായിരിക്കണം.

9. സ്ഥാപനത്തിന്റെ അന്തസ്സിനും യശസ്സിനും അനുസരിച്ചുള്ള സേവനം, ഉന്നത ഗുണനിലവാരമുള്ള ഭക്ഷണ സാധനങ്ങൾ എന്നിവ ലഭ്യമാക്കുമെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

10. കാന്റീൻ ജീവനക്കാർക്ക് കരാറുകാരൻ വെള്ളനിറത്തിലുള്ള യൂണിഫോറം , തൊപ്പി, ഷൂസ്, സോക്സ്, കൈയുറകൾ എന്നിവ വിതരണം ചെയ്യേണ്ടതും അവർ വൃത്തിയായി വസ്ത്രം ധരിക്കുന്നവരും ആരോഗ്യപരമായി അനുയോജ്യരുമാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. (നഖങ്ങൾ വൃത്തിയായി വെട്ടേണ്ടതും മുടിവെട്ടേണ്ടതും ഷേവ് ചെയ്യേണ്ടതും കൈയുറകൾ ധരിക്കേണ്ടതുമാണ്). കാന്റീനിന്റെ അടുക്കളയും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. കാന്റീനിന്റെ തറ സദാസമയവും വൃത്തിയുള്ളതും ഉണങ്ങിയതുമായിരിക്കേണ്ടതാണ്. ആഹാരം വിളമ്പുന്ന പാത്രങ്ങൾ കഴുകിയശേഷം ഹീറ്റർ ഉപയോഗിച്ച് ചൂടാക്കേണ്ടതാണ് . കാന്റീൻ ശുചിത്വം അത്യാവശ്യമായി നിലനിർത്തേണ്ടതാണ്.

11. ക്യാന്റീനിൽ ഉപയോഗിക്കുന്ന മിക്സി, ഗ്രൈയിന്റർ, റഫ്രിജറേറ്റർ, ഫ്രീസറുകൾ എന്നിവ വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.

12. കാന്റീനിൽ മിൽമ പാൽ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

13. പാചകത്തിന് ഉപയോഗിക്കുന്ന എണ്ണ ശുദ്ധമായ വെളിച്ചെണ്ണ ആയിരിക്കണം. എണ്ണ ആവർത്തിച്ച് ഉപയോഗിക്കാൻ പാടുള്ളതല്ല.

14. പാചകം ചെയ്യുന്നതിനും വിളമ്പുന്നതിനുമായി കാന്റീനിലേയ്ക്ക് ആവശ്യമായ എല്ലാ പാത്രങ്ങളും കരാറുകാരൻ സ്വന്തം ചെലവിൽ ഏർപ്പാട് ചെയ്യേണ്ടതാണ്.

15. ക്യാന്റീൻ ജീവനക്കാർക്ക് രണ്ടാം കക്ഷി നഗരസഭയിൽ നിന്നും നിർബന്ധമായും ഹെൽത്ത് കാർഡ് എടുത്തിരിക്കേണ്ടതാണ്.

16. ബഹു. നിയമസഭാംഗങ്ങൾ/ജീവനക്കാരിൽ നിന്നും ഈടാക്കുന്ന ഭക്ഷണ സാധനങ്ങളുടെ അംഗീകരിക്കപ്പെട്ട വിലവിവരപ്പട്ടിക ഭക്ഷണമുറിയിൽ ഉചിതമായ സ്ഥലത്ത് വ്യക്തമായി പ്രദർശിപ്പിക്കേണ്ടതാണ്.

17. നിയമസഭാ സെക്രട്ടേറിയറ്റിൽ രേഖാമൂലമുള്ള അനുമതിയില്ലാതെ ഭക്ഷണ സാധനങ്ങളുടെ അംഗീകരിക്കപ്പെട്ട വിലയിൽ യാതൊരു കാരണവശാലും വർദ്ധനവ് വരുത്താൻ പാടുള്ളതല്ല.

18. കാന്റീനിന്റെ പ്രവർത്തനത്തോടൊപ്പം വിവിധങ്ങളായ പഴവർഗ്ഗങ്ങളുടെ ജ്യൂസ് നൽകുന്നതിനുള്ള ജ്യൂസ് കൗണ്ടറും പ്രവർത്തിപ്പിക്കേണ്ടതാണ്.

19. നിയമസഭാംഗങ്ങൾക്കോ അല്ലാത്തവർക്കോ ഭക്ഷണം നൽകിയതുമൂലം കിട്ടാനുള്ള പണം കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ തന്നെ വാങ്ങേണ്ടതാണ്.

20. എല്ലാ ദിവസവും രാവിലെ 6.00 മണി മുതൽ രാത്രി 10 മണിവരെ ഭക്ഷണ സാധനങ്ങൾ കാന്റീനിൽ ലഭ്യമാക്കേണ്ടതാണ് . അവധി ആവശ്യമുള്ള

പക്ഷം മുൻകൂട്ടി എസ്റ്റേറ്റ് ഓഫീസറുടെ അനുമതി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

21. കാന്റീനിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി എസ്റ്റേറ്റ് ഓഫീസർ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഫൈൻ ഉൾപ്പെടെയുള്ള നടപടി കൈക്കൊള്ളുന്നതാണ്.

22. കരാർ കാലാവധി അവസാനിക്കുന്നതിന് മുമ്പായി മുൻകൂർ നോട്ടീസ് നൽകാതെ തന്നെ കരാർ റദ്ദാക്കുന്നതിന് ബഹു. സ്പീക്കർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

23. കാന്റീനിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്ന് കാണുന്നപക്ഷം കാന്റീൻ നടത്തുന്നതിന് നൽകിയ അനുവാദം മുന്നറിയിപ്പ് ഇല്ലാതെ തന്നെ റദ്ദാക്കുന്നതായിരിക്കും.

24. റൂം സർവ്വീസിന് ബിൽ തുകയുടെ 10% അധികം സർവ്വീസ് ചാർജ് ഈടാക്കാവുന്നതാണ്.

25. നിയമസഭാ സാമാജികരുടെ മുറികളിൽ ഭക്ഷണവിതരണം നടത്താൻ ഒരു ജീവനക്കാരനെ പൂർണ്ണമായും ചുമതലപ്പെടുത്തേണ്ടതാണ്.

26. ബഹു. സാമാജികരോടുള്ള കാന്റീൻ ജീവനക്കാരുടെ പെരുമാറ്റം വിനയപൂർവ്വമായിരിക്കണം.

27. ഭക്ഷണം ഓർഡർ ചെയ്ത് കഴിഞ്ഞാൽ ചായ, ലഘുഭക്ഷണങ്ങൾ എന്നിവ 10 മിനിട്ടിനകവും മറ്റ് ഭക്ഷണ സാധനങ്ങൾ 15 മിനിട്ടിനകവും റൂമുകളിൽ എത്തിക്കേണ്ടതാണ്.

28. ഭക്ഷണത്തിനായി ടെലിഫോണിലൂടെ ഓർഡർ ചെയ്യുമ്പോൾ ഓർഡർ ചെയ്ത സമയം, ഭക്ഷണം കാന്റീനിൽ നിന്ന് കൊണ്ടുപോയ സമയം എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനായി ഓർഡർ രജിസ്റ്റർ കാന്റീനിൽ സൂക്ഷിക്കേണ്ടതാണ്.

| അനുബന്ധം – ബി<br>വിലവിവരപ്പട്ടിക<br>**നിയമസഭാ ഹോസ്റ്റൽ വെജ് & നോൺ വെജ് കാന്റീൻ** | | | |
|---|---|---|---|
| ക്രമ നം. | ഇനം | <u>വില</u><br>എം.എൽ.എ/ സ്റ്റാഫ് | പൊതുജനങ്ങൾ ക്കുള്ള വില |
| 1 | ചായ (150 ml) | | |
| 2 | കോഫി (150 ml) | | |
| 3 | കട്ടൻ ചായ (150 ml) | | |
| 4 | കട്ടൻ കാപ്പി (150 ml) | | |
| 5 | ഗ്രീൻ ടീ (150 ml) | | |
| 6 | ലെമൺ ടീ (150 ml) | | |
| 7 | ദോശ (1) (50 gm) | | |
| 8 | ഗോതമ്പ് ദോശ (1) (50 gm) | | |
| 9 | അപ്പം (1) (50 gm) | | |
| 10 | പുട്ട് (അരി) (200 gm) | | |
| 11 | പുട്ട് (ഗോതമ്പ്) (200 gm) | | |
| 12 | ഇടിയപ്പം (1) (50 gm) | | |
| 13 | ഇഡലി (1) (50 gm) | | |
| 14 | പൊറോട്ട (1) (50 gm) | | |
| 15 | ചപ്പാത്തി (1) (40 gm) | | |
| 16 | പൂരി (1) (50 gm) | | |
| 17 | ഉപ്പ്മാവ് (150 gm) | | |
| 18 | മസാല ദോശ + സാമ്പാർ + ചമ്മന്തി (70 gm + 40 gm) | | |
| 19 | നെയ് ദോശ + സാമ്പാർ + ചമ്മന്തി (70 gm + 40 gm) | | |
| 20 | ഉഴുന്ന് വട (1) (50 gm) | | |
| 21 | പരിപ്പ് വട (1) (50 gm) | | |

| | | | |
|---|---|---|---|
| 22 | ഉള്ളി വട (1) (50 gm) | | |
| 23 | ബനാന ഫ്രൈ (1) (50 gm) | | |
| 24 | ബജി (1) (50 gm) | | |
| 25 | ബോണ്ട (1) (50 gm) | | |
| 26 | മോദകം (1) (50 gm) | | |
| 27 | നെയ്യപ്പം (1) (50 gm) | | |
| 28 | ഇലയട (1) (100 gm) | | |
| 29 | കൊഴുക്കട്ട (1) (50 gm) | | |
| 30 | ബ്രെഡ് ടോസ്റ്റ് (50 gm) | | |
| 31 | വെജിറ്റബിൾ കുറുമ (150 gm) | | |
| 32 | കടലക്കറി (150 gm) | | |
| 33 | ഗ്രീൻപീസ് കറി (150 gm) | | |
| 34 | മുട്ടക്കറി (150 gm) | | |
| 35 | ഓംലെറ്റ് (സിംഗിൾ) | | |
| 36 | ഓംലെറ്റ് (ഡബിൾ) | | |
| 37 | കപ്പ(200 gm) | | |
| 38 | ഊണ്(300 gm) | | |
| 39 | മീൻകറി (100 ml) 50 gm Piece | | |
| 40 | മീൻഫ്രൈ (100 gm) 40 gm 2 Pieces | | |
| 41 | ചിക്കൻ കറി (150 ml) | | |
| 42 | ചിക്കൻ ഫ്രൈ (80 gm 1 Piece) | | |
| 43 | ചിക്കൻ 65 (30 gm 4 Pieces) | | |
| 44 | ബീഫ് കറി (150 ml) | | |
| 45 | ബീഫ് ഫ്രൈ (150 gm) | | |
| 46 | ചിക്കൻ ബിരിയാണി (300 gm) | | |
| 47 | ബീഫ് ബിരിയാണി (300 gm) | | |
| 48 | എഗ്ഗ് ബിരിയാണി (250 gm) | | |
| 49 | വെജിറ്റബിൾ ബിരിയാണി (250 gm) | | |
| 50 | നെയ് ചോറ് (250 gm) | | |
| 51 | കഞ്ഞി (350 ml) | | |